## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *37

03.03.2020 ൽ മറുപടിക്ക്

### വ്യവസായ സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. വി. അബ്ദുറഹിമാൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വ്യവസായ സംഗമങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ വ്യവസായ സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ)<br>&<br>(ബി) | ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക, തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് "അസെൻഡ് 2020" ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിക്കുകയും കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ള ഇത്തരം സംഗമങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ലഭിക്കുകയുമുണ്ടായി. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.<br><br>"അസെൻഡ് 2020" വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി |
| (ബി) | ധാരണാപത്രവും താല്പര്യപത്രവും ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുന്നുവെന്നുറപ്പുവരുത്താൻ കെ.എസ്.ഐ.ഡി.സി.ക്ക് കീഴിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ പ്രമോഷൻ സെൽ രൂപീകരിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | G.O(Rt)No.105/2020/ID dated 04.02.2020 പ്രകാരം നോഡൽ ഓഫീസർമാരെ പദ്ധതി നിർവ്വഹണത്തിനായി നിയമിക്കുകയും, കെ.എസ്.ഐ.ഡി.സി യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുത്തുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളുടെമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് അതാത് ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** | വ്യവസായങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ കൈവരിച്ച നേട്ടം അറിയിക്കാമോ? | **(സി)** | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി, അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും, ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.<br><br>വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് കൈമാറുന്നതിന് സർക്കാർ |

| | | | |
|---|---|---|---|
| | | | തുടക്കമിട്ടുകഴിഞ്ഞു. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായിട്ടുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ച കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടി ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി–ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകികൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 4,400 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ